പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2012 മാർച്ച് 21, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**14 (*121) എൻ.ആർ.കെ. മീറ്റിലെ തീരുമാനങ്ങൾ**

ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) നൽകിയ മറുപടിയിൽ, സംസ്ഥാന സർക്കാരിന്റെ നോർക്ക വകുപ്പും നോർക്ക-റൂട്ട്സും ചേർന്ന് വിദേശ/മറുനാടൻ പ്രവാസി മലയാളികളെ പങ്കെടുപ്പിച്ചുകൊണ്ട് ഡിസംബർ 29, 30 തീയതികളിൽ തിരുവനന്തപുരത്തുവച്ച് 'ഗ്ലോബൽ എൻ.ആർ.കെ. മീറ്റ് 2011' നടത്തുകയുണ്ടായിയെന്ന് സഭയെ അറിയിച്ചു. പ്രവാസി പുനരധിവാസ പദ്ധതികൾ പന്ത്രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുക, പ്രവാസി ക്ഷേമനിധിയിലെ അംഗത്വത്തിനുള്ള പ്രായപരിധി 60 വയസ്സാക്കി ഉയർത്തുക, പ്രവാസികളുടെ കുട്ടികൾക്കുള്ള പഠനത്തിനായി പ്രവാസി യൂണിവേഴ്സിറ്റി ആരംഭിക്കുക, പ്രവാസി ബാങ്ക്/ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ നോർക്ക-റൂട്ട്സിന്റെ കീഴിൽ ആരംഭിക്കുക, ഗൾഫ്നാടുകളിൽ നിന്നും ജയിൽമോചി

തരായ കേരളീയരെ നാട്ടിൽ എത്തിക്കാൻ നടപടി സ്വീകരിക്കുക, പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുക എന്നിവയാണ് ഗ്ലോബൽ എൻ.ആർ.കെ. മീറ്റിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ. ഗൾഫ് നാടുകളിലെ ജയിലുകളിൽ കഴിയുന്നവർക്ക് നിയമസഹായം നൽകുന്നതിനുവേണ്ടി ഒരു പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പന്ത്രണ്ടാം പദ്ധതിയിൽ പ്രവാസി പുനരധിവാസ പ്രവർത്തനങ്ങൾക്കുള്ള തുക വർദ്ധിപ്പിക്കുന്നതിന് ശുപാർശ സമർപ്പിക്കുകയും വിവിധ പദ്ധതി കളെപ്പറ്റി ബോധവൽക്കരണം/സെമിനാർ എന്നിവ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവാസി ക്ഷേമനിധിയിലെ അംഗത്വത്തിനുള്ള പ്രായപരിധി 60 വയസ്സാക്കുന്ന കാര്യം ആലോചന യിലാണ്. കേരളത്തിൽ പ്രവാസി സർവ്വകലാശാല ആരംഭിക്കുന്നതു സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്. ഗൾഫ്നാടുകളിൽ ജയിൽമോചിതരായ കേരളീയരെ നാട്ടിൽ എത്തിക്കുന്നതിനായി ആരംഭിച്ച 'സ്വപ്ന സാഫല്യം' പദ്ധതി പ്രകാരം ആറുപേരെ തിരികെ കൊണ്ടുവന്നിട്ടുണ്ടെന്നും അപകടങ്ങളിൽപ്പെട്ട് തിരികെ നാട്ടിലെത്താൻ കഴിയാത്തവർക്ക് ഗൾഫ് മലയാളി സംഘടന കളുമായി ബന്ധപ്പെട്ട് സഹായം നൽകുന്നുണ്ടെന്നും മരണപ്പെടുന്നവരുടെ മൃതദേഹം യഥാസമയം നാട്ടിലെത്തിക്കുന്നതിനുള്ള സാമ്പത്തികസഹായം നോർക്ക നൽകുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. നിക്ഷേപത്തട്ടിപ്പുകളും വിസ തട്ടിപ്പുകളുമായി ബന്ധപ്പെട്ട കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ ഒരു ഐ.ജി.യേയും ജില്ലകൾതോറും ഓരോ ഡിവൈ. എസ്.പി.യേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. എമിഗ്രേഷൻ ഡെപ്പോസിറ്റ് തുക

തിരികെ കൊടുക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നും 2012 സാമ്പത്തിക വർഷം മുതൽ മറുനാടൻ മലയാളികൾക്കായി ഒരു ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ഗൾഫ്നാടുകളിലെ മികച്ച മലയാളി പൊതുപ്രവർത്തകന് അവാർഡ് നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്നും പ്രവാസികൾക്കുവേണ്ടി ബാങ്ക് ആരംഭിക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

15 (*122) <u>സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി</u>

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി.മോഹനൻ) നൽകിയ മറുപടിയിൽ, സമഗ്ര കാർഷികവിള ഇൻഷ്വറൻസ് പദ്ധതി രൂപവത്ക്കരിക്കുന്നതിനായി 17.3.2012-ലെ സർക്കാർ ഉത്തരവുപ്രകാരം ഒരു കേന്ദ്ര സർക്കാർ ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് കൃഷി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഏപ്രിൽ 15-നകം ഈ പദ്ധതി പ്രാവർത്തികമാകുന്നതാണെന്നും സഭയെ അറിയിച്ചു. കൃഷി വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ്, സമഗ്ര നെൽകൃഷി ഇൻഷ്വറൻസ്, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് എന്നീ പദ്ധതികളെ സംയോജിപ്പിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ എല്ലാ കാർഷികവിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുക എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. 2011 ആഗസ്റ്റ് മാസം 26-ാം തീയതി അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറുടെ ചേമ്പറിൽവച്ച് കേന്ദ്ര സർക്കാർ അംഗീകൃത കമ്പനികളും മറ്റ് കാർഷിക ഇൻഷ്വറൻസ് കമ്പനികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഓരോ കമ്പനിയും ഈ പദ്ധതിയെ

സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. കൃഷിനാശത്തിനും കാർഷികോല്പന്നങ്ങൾക്കുണ്ടാകുന്ന വിലയിടിവിനും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമെന്നും കൃഷിനാശം സംഭവിച്ച കർഷകർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

16 (*123) <u>പഴം, പച്ചക്കറി ഉല്പാദനം</u>

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പഴം, പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതി, ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായ പച്ചക്കറി വികസന പദ്ധതി, തരിശു ഭൂമികളിൽ പച്ചക്കറി കൃഷി നടത്തുന്നതിനുള്ള പദ്ധതി എന്നിവ നടപ്പാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിത്തു മുതൽ വിപണനം വരെയുള്ള എല്ലാ ഘട്ടങ്ങളിലും കർഷകർക്ക് സഹായം എത്തിക്കുന്ന രീതിയിൽ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തരിശു ഭൂമിയിൽ വാഴ, നെൽകൃഷി, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യുന്നതിനായി ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും വാഴക്കൃഷിക്ക് ഹെക്ടറിന് 40,000/- രൂപയും പച്ചക്കറിക്കും കിഴങ്ങു വർഗ്ഗവിളകൾക്കും ഹെക്ടറിന് 30,000/- രൂപയും വീതം ധനസഹായം നൽകിവരികയുമാണ്. പച്ചക്കറികൃഷി വ്യാപനം, പച്ചക്കറിക്ക് സ്ഥിരമായ പന്തൽ, ഫെർട്ടിഗേഷൻ & ഡ്രിപ്പ് ഇറിഗേഷൻ, നഗര പ്രാന്തങ്ങളിലെ പച്ചക്കറികൃഷി വികസനം, ഇടുക്കി പാക്കേജ്, വട്ടവട,

കാന്തല്ലൂർ-ശീതകാല പച്ചക്കറികളുടെ കൃഷി വ്യാപനം എന്നീ പദ്ധതികളുടെ ഫീൽഡ് തല നടത്തിപ്പിനായി വി.എഫ്.പി.സി.കെ. കർഷകർക്ക് സബ്സിഡി നൽകിവരുന്നു. കൃഷി ഭവനുകൾ മുഖേന പഞ്ചായത്തുകളിലും വിവിധ പച്ചക്കറി വികസന പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിപ്രകാരം മാവ്, വാഴ, കൈതച്ചക്ക എന്നിവയുടെ പുതിയ തോട്ടങ്ങൾ സ്ഥാപിച്ച് വിളവിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള ധനസഹായം നൽകുക, ഇടുക്കി ജില്ലയിൽ 6.063 കോടി രൂപയുടെ 'ശീതമേഖല ഫലവൃക്ഷങ്ങളുടെ വ്യാപനം', തിരുവനന്തപുരം ജില്ലയിൽ 12 കോടി രൂപയുടെ 'വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ്' എന്നീ പദ്ധതികൾ ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നുണ്ട്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 25 ലക്ഷം പച്ചക്കറി കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി പച്ചക്കറി വിപണനത്തിനായി ബ്ലോക്കുതല കേന്ദ്രങ്ങൾ തുടങ്ങുന്നതിനും റസിഡന്റ്സ് അസോസ്സിയേഷനുകൾ മുഖേന വിപണന കേന്ദ്രം ആരംഭിക്കുന്നതിനും ഉത്സവ വിപണികൾ സംഘടിപ്പിക്കുന്നതിനും ധനസഹായം നൽകുന്നുണ്ട്. പഞ്ചായത്ത് തലത്തിൽ വി.എഫ്.പി.സി. കെ.-യുടേയും ഹോർട്ടികോർപ്പിന്റെയും വിപണന കേന്ദ്രങ്ങളും പഴം, പച്ചക്കറി, കാർഷികോല്പന്നങ്ങൾ എന്നിവ വിറ്റഴിക്കുന്നതിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ ഏതാനും പഞ്ചായത്തുകളിൽ ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. കൃഷി വകുപ്പിന്റെ കീഴിലുള്ള അനുയോജ്യമായ സ്ഥലങ്ങളിലെല്ലാം പച്ചക്കറി കൃഷി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും

ഇടുക്കിയിൽ ഒരു ചില്ലറ വില്പനകേന്ദ്രം ആരംഭിക്കുന്നതാണെന്നും ജൈവ കീടനാശിനി വ്യാപകമാക്കാനും കൃഷിയിടങ്ങൾക്ക് അനുയോജ്യമായ തരത്തിലുള്ള ജൈവ കീടനാശിനികൾ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1332 മുതൽ 1669 വരെയുള്ള ചോദ്യങ്ങളിൽ 204 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)